പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5203

27/07/2015 ൽ മറുപടിയ്ക്ക്

## റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർ വൽക്കരണം കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡേണൈസേഷൻ പദ്ധതി (എൻ.എൽ.ആർ.എം.പി) പ്രകാരമാണ് നടന്നുവരുന്നത്. ഇതിനായി റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലിസ്) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലെ പോരായ്മകൾ കൂടി പരിഹരിച്ചു കൊണ്ട് സംസ്ഥാനമൊട്ടാകെ ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) പ്രസ്തുത കമ്പ്യൂട്ടർവൽക്കരണം വില്ലേജുകളിൽ എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ? | (ബി) റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ഓൺലൈൻ പോക്കുവരവ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി സബ്‌രജിസ്ട്രാർ കാര്യാലയങ്ങളുടെ പരിധിയിലുള്ള റീസർവ്വെ കഴിഞ്ഞ 17 വില്ലേജുകളിലെ ഭൂമി സംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അതിനോടൊപ്പം തന്നെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ പ്രഥമഘട്ടമായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ റീസർവ്വെ കഴിഞ്ഞ 573 വില്ലേജുകളിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുള്ളതും ആണ്. ഓൺലൈൻ പോക്കുവരവ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി എല്ലാ വില്ലേജുകളിലേയും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ